## File No.LSGD-DD2/315/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

### കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-29-08-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് - സീതാംഗേളി ICDS വനിതാ ഹാൾ നിർമ്മാണത്തിനുള്ള പ്രോജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

### തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

**സ.ഉ.(സാധാ) നം.2104/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/09/2019**

പരാമർശം:- 1 മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019-ലെ യോഗത്തിന്റെ 4.2 നമ്പർ നിർദ്ദേശവും 29.08.2019-ലെ തുടർ തീരുമാനവും

3 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 27.08.2019-ലെ ഡിബി3-753/2013/സിഇ/തസ്വഭവ നമ്പർ കത്ത്

### ഉത്തരവ്

സീതാംഗേളി ICDS വനിതാ ഹാൾ നിർമ്മാണത്തിനുള്ള പ്രോജക്ട് (അടങ്കൽ 20 ലക്ഷം രൂപ) മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രൊജക്ടിൽ വെറ്റിംഗ് സമയത്ത് ഭേദഗതി വരുത്തിയതിനു ശേഷം വീണ്ടും ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിന് സമർപ്പിക്കാൻ വിട്ടു പോയതിനാൽ 2019-20-ൽ സ്പിൽ ഓവറായി ചേർക്കാൻ സാധിച്ചില്ല. ടി പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്നതിന് മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം(1) പ്രകാരം കോഓർഡിനേഷൻ സമിതി മുൻപാകെ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 30.07.2019-ലെ കോഓർഡിനേഷൻ സമിതിയുടെ 4.2 നമ്പർ തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു.

2. സാമ്പത്തിക വർഷാവസാനമുള്ള ജോലിത്തിരക്ക് കാരണം അംഗീകാരത്തിനു സമർപ്പിക്കാൻ കഴിയാതെ പോയതിനാലാണ് സ്പിൽ ഓവറായി ചേർക്കാൻ വിട്ടുപോയതെന്നും വീഴ്ച മാപ്പാക്കി സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നും ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തതനുസരിച്ച് പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്നതിന് കോഓർഡിനേഷൻ സമിതി അനുമതി നൽകിയിട്ടുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ സീതാംഗേളി ICDS വനിതാ ഹാൾ നിർമ്മാണത്തിനുള്ള പ്രോജക്ട് 2019-20 വർഷം സ്പിൽ ഓവർ ആയി ചേർക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. സുലേഖയിൽ ഇതിനാവശ്യമായ ക്രമീകരണം ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടർ

ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുട്ടൻ.എം.എസ്
അഡീഷണൽ സെക്രട്ടറി

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

സെക്രട്ടറി, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.09.?? 10:39:51 IST
Reason: Approved

സെക്ഷൻ ഓഫീസർ